## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 231**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

**കർത്താവിൽ പ്രിയരെ,**

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ സഭാ ശുശ്രൂഷ നിർവ്വഹണത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി സഫ്രഗൻ മെത്രാപ്പോലീത്തായെ നിയമിക്കുന്ന പാരമ്പര്യം തീത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കാലം മുതൽ ഉണ്ടായിരുന്നു. എന്നാൽ ഒന്നിലധികം എപ്പിസ്കോപ്പാമാർ ഉണ്ടായിരുന്ന കാലഘട്ടത്തിൽ ആ പതിവ് തുടരാതെ എപ്പിസ്കോപ്പാമാർ എന്ന നിലയിൽ അറിയപ്പെട്ടിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായുടെ കാലഘട്ടത്തിനുശേഷം ആ പതിവ് പിന്തുടർന്നു. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി 3 എപ്പിസ്കോപ്പാമാരിൽ സീനിയർ ആയിരുന്ന അലക്സാണ്ടർ മാർ തിയോഫിലസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. 1978 മുതൽ 2 സഫ്രഗൻ മെത്രാപ്പോലീത്താമാർ സഭയിൽ ഉണ്ടായിരിക്കുന്ന കീഴ്നടപ്പ് നിലവിൽ വന്നു. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ കാലശേഷം അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായെ Officiating മെത്രാപ്പോലീത്തായായി ചുമതലകൾ ഏൽപ്പിച്ചതോടൊപ്പം നമ്മെയും സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു.

2004-ൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സഖറിയാസ് മാർ തെയോഫിലസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. ഇതത്രേ സഭയിൽ നിലവിലിരുന്ന നടപടിക്രമം.

ഭരണഘടനപ്രകാരം നമ്മുടെ അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി 2015 ഒക്ടോബർ 1-ാം തീയതി മുതൽ നാം നിയമിച്ചിരിക്കുന്നു. സ്ഥാനാരോഹണ ശുശ്രൂഷ 2015 ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8 മണിക്ക് റാന്നി ക്രിസ്തോസ് മാർത്തോമ്മ പള്ളിയിൽ വെച്ച് വിശുദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്നതാണ്. പ്രാർത്ഥനാപൂർവ്വം ഏവരും ഈ ശുശ്രൂഷയിൽ വന്ന് സംബന്ധിക്കണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവിന്റെ കൃപ നാം ഏവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2015 സെപ്തംബർ 15-ാം തീയതി,

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**